പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1259 — 20/01/2014 ൽ മറുപടിയ്ക്ക്

## ആർ.ഇ.എൽ.ഐ.എസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആർ.ഇ.എൽ. ഐ.എസ്.(റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 15.01.2014 വരെ ഈ പദ്ധതി പ്രകാരം 18003 ഭൂരേഖകളും 9877 പോക്കുവരവുകളും സാധ്യമായിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. |
| (സി) പോക്കുവരവ് നടത്തുന്നതിന് റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗക ര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ഓൺ ലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി ഉണ്ടാക്കിയ റെലിസ് എന്ന പദ്ധതി വഴി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽ നിന്നോ, അക്ഷയകേന്ദ്രങ്ങളിൽ നിന്നോ ലഭിക്കുന്ന 'ഭൂരേഖ'(RoR) സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രം വഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ |

പ്രകാരമുള്ള അപേക്ഷ ഓൺ ലൈൻ ആയി അയക്കേണ്ടതാണ്. ആധാരത്തിലെയും, ഓൺ ലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം അവശ്യം വേണ്ട വിവരങ്ങൾ ഓൺ ലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ, വില്ലേജ് ഓഫീസർക്കോ റെലിസ് പ്രോഗ്രാം വഴി ഓൺ ലൈൻ ആയി അയച്ചുകൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പീൽ കാലാവധി കഴിയുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ/തഹസിൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും, പുതിയ തണ്ടപ്പേർ, സർവ്വെ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

പ്രസ്തുത പദ്ധതിമൂലം താഴെ പറയുന്ന പ്രയോജനങ്ങളാണ് ലഭിക്കുന്നത്.

1. സർക്കാർ ഭൂമിയുടെ അനധികൃത കൈമാറ്റം തടയാൻ സാധിക്കുന്നു.
2. എല്ലാ ഭൂമി കൈമാറ്റങ്ങളിലും സുതാര്യത ഉറപ്പുവരുത്തുന്നു.
3. ഭൂവുടമസ്ഥന് തന്റെ ഭൂമിയിലുള്ള അവകാശം സംബന്ധിച്ച അടിസ്ഥാനരേഖയായ RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം നേരിട്ടും അക്ഷയകേന്ദ്രം വഴിയും ലഭ്യമാകുന്നു.
4. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട അഴിമതി ഒഴിവാക്കാൻ സാധിക്കുന്നു.
5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ടതാകയാൽ സർക്കാരിന് കൂടുതൽ വരുമാനം ലഭിക്കുന്നു.
6. സംശയകരമായ ഭൂ കൈമാറ്റങ്ങൾക്ക് തടയിടുന്നതിന് സാധിക്കുന്നു.
7. ഭൂപരിഷ്കരണ നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നു.
8. കൃത്യതയോടെയും വേഗത്തിലുമുള്ള പോക്കുവരവ് "ആദ്യം വന്നയാൾ ആദ്യം" [First In First Out (FIFO)] എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നു.
9. പൊതുജന സേവനങ്ങൾ ഉറപ്പുവരുത്തുന്നതിൽ റെലിസ് പദ്ധതി ഒരു വലിയ ചുവടുവയ്പാണ്.

10. ലോകത്തിലെവിടെയിരുന്നും ഈ പദ്ധതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സമീപ ഭാവിയിൽത്തന്നെ സാധിക്കും.

11. റവന്യൂ വകുപ്പിൽ നിന്നുള്ള RoR (ഭൂരേഖ) എന്ന സാക്ഷ്യപത്രം ആധാര പ്രകാരമുള്ള ഭൂമി കൈമാറ്റങ്ങൾക്ക് നിർബന്ധമാക്കുന്നതിന്റെ ഫലമായി ഭൂമി സംബന്ധമായ സിവിൽ കേസുകളുടേയും അതുമായി ബന്ധപ്പെട്ട മറ്റു കുറ്റകൃത്യങ്ങളുടേയും എണ്ണത്തിൽ സമീപഭാവിയിൽത്തന്നെ ഗണ്യമായ കുറവുണ്ടാകുന്നതാണ്.

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) റീ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ റെലീസ് പദ്ധതി പ്രകാരമുള്ള ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ 141 SRO കളുമായി കോർത്തിണക്കിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന എരിമയൂർ I, എരിമയൂർ II, കിഴക്കാഞ്ചേരി I, കിഴക്കാഞ്ചേരി II, വടക്കാഞ്ചേരി I, വടക്കാഞ്ചേരി II, തരൂർ I, തരൂർ II, കണ്ണമ്പ്ര I, കണ്ണമ്പ്ര II, കാവശ്ശേരി I, കാവശ്ശേരി II, വണ്ടാഴി I, മേലാർക്കോട്, ആലത്തൂർ, പുതുക്കോട്, മംഗലം ഡാം എന്നീ 17 വില്ലേജുകളിൽ 15.09.2011 മുതൽ ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റെലിസ് പദ്ധതി വഴി ടി 17 വില്ലേജുകളിലായി **15.01.2014 വരെ 18003 ആർ.ഒ.ആർ -ഉം, 9877 ഓൺലൈൻ പോക്കുവരവും നടന്നിട്ടുണ്ട്.**<br><br>573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോക്കുവരവ് ചട്ടങ്ങളിൽ കാലാനുസൃതമാറ്റം ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Sent

സെക്ഷൻ ഓഫീസർ